പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1839 — 05.10.2016 -ന് മറുപടിയ്ക്ക്

## കേന്ദ്രസർക്കാരിൽ നിന്നും ലഭിയ്ക്കുന്ന ഫണ്ട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി.ജോർജ്ജ് | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| എ) | മറ്റ് പിന്നോക്ക സമുദായ ക്ഷേമത്തിനായി എത്ര കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിശദമാക്കുമോ; | എ) | മറ്റ് പിന്നോക്ക സമുദായ ക്ഷേമത്തിനായി 2016-17 വർഷം പദ്ധതിയിനത്തിൽ 180 കോടി രൂപയും, പദ്ധതിയിതര ഇനത്തിൽ 120.74 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| ബി) | കേന്ദ്രസർക്കാരിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗം, മറ്റ് പിന്നോക്ക സമുദായം എന്നിവരുടെ ഉന്നമനത്തിനായി ഏതെങ്കിലും ഫണ്ട് ലഭിയ്ക്കുന്നതിനായി ശ്രമിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ബി) | പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1 | പട്ടികജാതിവിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% CSS) | 14059.47 |
| 2 | പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരമുയർത്തൽ പദ്ധതി (100% CSS) | 9.28 |
| 3 | വൃത്തിഹീനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% CSS) | 30.52 |

| | | |
|---|---|---|
| 4 | 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% CSS) | 1937.69 |
| 5 | പ്രത്യേക പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര ധനസഹായം . SCA to SCP (100% CSS) | 1057.02 |
| 6 | അതിക്രമം തടയൽ PCR & POA (50% CSS) | 500.00 |

കൂടാതെ കേന്ദ്രസർക്കാരിനു മുന്നിൽ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി താഴെ പറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുള്ളതാകുന്നു.

1. 2012-13 സാമ്പത്തിക വർഷത്തിൽ കൺസർവേഷൻ കം ഡവലപ്പ്മെന്റ് പദ്ധതി (സി.സി.ഡി. പ്ലാൻ) നടത്തിപ്പിനായി പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാരുടെ ജീവനോപാധി പ്രവർത്തനങ്ങൾ, തനതു കലയെ പരിപോഷിപ്പിക്കൽ, കമ്മ്യൂണിറ്റി സെന്ററുകൾ സ്ഥാപിക്കൽ, നൈപുണ്യ വികസനം (2012-17) 35 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിരുന്നു.

2. പത്ത് പുതിയ ആശ്രമ സ്കൂളുകൾ തുടങ്ങുന്നതിനും മൂന്ന് പുതിയ പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുമുള്ള പ്രൊപ്പോസലും സമർപ്പിച്ചിരുന്നു.

3. പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള 14 പ്രദേശങ്ങൾ/ മേഖലകളെ ഉൾപ്പെടുത്തി അവിടെയുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള സമഗ്ര പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി 703 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിരുന്നു.

4. 100 ശതമാനം കേന്ദ്രസഹായ പദ്ധതിയായ വൻബന്ധു കല്യാൺ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 മുതൽ 2019-20

| | | | |
|---|---|---|---|
| | | | വർഷത്തേയ്ക്ക് (5 വർഷം) പദ്ധതി നടപ്പിലാക്കുന്നതിനായി 3600.24 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ 2015-16 വർഷം കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| | | 5. | പട്ടികവർഗ്ഗക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി തൊഴിലധിഷ്ഠിത പരിശീലനത്തിനും പാർപ്പിട നിർമ്മാണം, വിദ്യാഭ്യാസം, ശുചിത്വം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി സി.സി.ഡി. പദ്ധതിയിൽ ഉൾപ്പെടുത്തി 432.40 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് (MOTA) മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. |
| | | 6. | എസ്.സി.എ. ടു. ടി.എസ് .പി. ആർട്ടിക്കിൾ 275(1) എന്നീപദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 25 കോടി, 20 കോടി എന്നീ ക്രമത്തിൽ പദ്ധതികൾ പ്രോജക്ട് അപ്രൈസൽകമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.<br><br>പിന്നോക്ക സമുദായത്തിന്റെ ഉന്നമനവുമായി ബന്ധപ്പെട്ട് പിന്നോക്ക സമുദായ വികസന വകുപ്പ് മുഖേന നടത്തുന്ന പദ്ധതികളായ ഒ.ബി.സി. പോസ്റ്റ്മെട്രിക്ക് സ്കോളർഷിപ്പ് (100% CSS) ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS) പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം (60% CSS) എന്നിവയ്ക്കായി യഥാക്രമം 50 കോടി, 64 കോടി, 8 കോടി എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഒ.ബി.സി. പ്രീമെട്രിക്, പോസ്റ്റ്മെട്രിക് പദ്ധതികൾക്കായുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| | | 7. | പട്ടികവർഗ്ഗ വിഭാഗത്തിലെ ഭവനനിർമ്മാണം, ഭൂപ്രശ്നം എന്നിവ പരിഹരിക്കുന്നതിനായി 2000 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് അനുവദിക്കണമെന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**